"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം NH BYPASS റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 2 8 A പ്രകാരമുള്ള തുക ശ്രീ. ഗോവർദ്ധനന് നൽകുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.976/2022/LSGD തീയതി,തിരുവനന്തപുരം, 20-04-2022

---

പരാമർശം:-

1. ബഹു. തിരുവന്തപുരം സബ് കോടതിയുടെ 09/04/2012ലെ എൽ.എ.ആർ. 482/2009 നമ്പർ കേസിലെ വിധിന്യായം.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05/06/2018ലെ കെ-13-17310/2018 നമ്പർ നടപടിക്രമം.
3. സ.ഉ.(അച്ചടി) നം 32/2019/ധന തീയതി 18/03/2019.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 25/08/2021ലെ എസ്റ്റ്1/909/2021/ട്രിഡ നമ്പർ കത്ത്.

ഉത്തരവ്

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം NH BYPASS റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 2 8 A പ്രകാരം ശ്രീ. ഗോവർദ്ധനൻ സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 15,72,338/- രൂപ (പതിനഞ്ച് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി മുന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) അനുവദിക്കണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം NH BYPASS റോഡിന്റെ വികസനത്തിനായി കടകംപള്ളി വില്ലേജിലെ Sy No. 1675/1 (LA ReSy. No. 153/24) നമ്പരിലുൾപ്പെട്ട ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ. 482/09- നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 15,72,338/-രൂപ (പതിനഞ്ച് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി മുന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) ശ്രീ. ഗോവർദ്ധനന്(s/o പദ്മനാഭൻ, കിഴക്കേപുത്തൻ വീട്, വെൺപാലവട്ടം, ആനയറ, തിരുവനന്തപുരം) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)

ശ്രീ. ഗോവർദ്ധനൻ, കിഴക്കേപുത്തൻ വീട്, വെൺപാലവട്ടം, ആനയറ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, വെള്ളമ്പലം, തിരുവനന്തപുരം.

നിയമ വകുപ്പ് (നം.527/ഉപദേശം-ഡി3/2022/നിയമം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ / ഓഫീസ് കോപ്പി (File No. IA2/104/2021)

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 21-04-2022 12:00:10
സെക്ഷൻ ഓഫീസർ